# പരലോകത്തെ പരിചയപ്പെടുത്താനുപയോഗിച്ച പദങ്ങൾ

പരലോകത്തിന് الآخرة (അൽആഖിറഃ) എന്നാണ് ഖുർആൻ പ്രയോഗിച്ച ഒരു പദം. അവസാനം/അന്ത്യം എന്ന് വാക്കർഥം. 115 തവണ ഇതാവർത്തിച്ചിരിക്കുന്നു. ഇതിന്റെ വിപരീത പദമാണ് الدنيا(അദ്ദുൻയാ) = ഈ ലോകം/ദുൻയാവ്, അതും ആവർത്തിച്ചത് 115 തവണ തന്നെ. ഇത് അവിചാരിതമായി വന്നതാകാൻ തരമില്ല. കൃത്യമായി കണക്കാക്കി അല്ലാഹു പ്രയോഗിച്ചതാവണം. ദുൻയാവിനും ആഖിറത്തിനും മനുഷ്യർ ഒരുപോലെ പണിയെടുക്കണം. ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾപോലെ, ജീവിതത്തിന്റെ രണ്ട് വശങ്ങളാണ് ദുൻയാവും ആഖിറത്തും.

സൂറഃ *അൽബഖറഃ*യിലെ 4-ാം ആയത്തിലാണ് ആദ്യമായി الآخرة എന്ന പദം വന്നത്.

وَٱلَّذِينَ يُؤْمِنُونَ بِمَآ أُنزِلَ إِلَيْكَ وَمَآ أُنزِلَ مِن قَبْلِكَ وَبِٱلْأَخِرَةِ هُمْ يُوقِنُونَ ﴿٤﴾

"നിനക്ക് അവതരിപ്പിക്കപ്പെട്ട ഖുർആനിലും നിനക്ക് മുമ്പ് ഇറക്കപ്പെട്ട വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരും പരലോകത്തിൽ ഉറച്ചുവിശ്വസിക്കുന്നവരുമായ ആളുകൾക്ക് (ഈ ഗ്രന്ഥം വഴി കാണിച്ചുകൊടുക്കുന്നു" (2:4).

*അൽബഖറഃ*യിൽ തന്നെ വന്ന ഒരു പ്രാർഥന നമുക്കൊക്കെ സുപരിചിതമാണ്.

رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْأَخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ﴿٢٠١﴾

"ഞങ്ങളുടെ നാഥാ, ദുൻയാവിൽ ഞങ്ങൾക്ക് നന്മ നൽകേണമേ! അതുപോലെ പരലോകത്തും നന്മ തരേണമേ! നരകശിക്ഷയിൽനിന്ന് ഞങ്ങളെ നീ കാക്കേണമേ!" (2:201).

സൂറഃ *അന്നംലി*ലെ (27:3) മൂന്നാം ആയത്തും *ലുഖ്മാനി*ലെ (31:4) നാലാം ആയത്തും بِٱلْأَخِرَةِ هُمْ يُوقِنُونَ എന്ന വാക്കുകളിലാണ് അവസാനിക്കുന്നത്. يُوقِنُونَ എന്ന പദം ഖുർആനിൽ ആകെ 11 തവണ ആവർത്തിച്ചതായി കാണാം. അർഥം = അവർ ദൃഢമായി വിശ്വസിക്കുന്നു.

ജുമുഅ നമസ്കാരത്തിലും അല്ലാതെയും നാം നിരന്തരം കേൾക്കാറുള്ള سورة الأعلى യിലെ 17 -ാം ആയത്ത് കൂടി നമുക്ക് ഇപ്പോൾ ഓർക്കാം.

وَٱلْأَخِرَةُ خَيْرٌ وَأَبْقَىٰٓ ﴿١٧﴾

"പരലോകമാണ് ഉത്തമവും ശാശ്വതവുമായിട്ടുള്ളത്."

*അൽഖസ്വസ്* സൂറഃയിലെ 77 ാം ആയത്തും ശ്രദ്ധേയമാണ്:

وَٱبْتَغِ فِيمَآ ءَاتَىٰكَ ٱللَّهُ ٱلدَّارَ ٱلْأَخِرَةَ وَلَا تَنسَ نَصِيبَكَ مِنَ ٱلدُّنْيَا ....

അല്ലാഹു നിനക്ക് നൽകിയവ (സ്വത്ത്, സന്താനങ്ങൾ, മറ്റനുഗ്രഹങ്ങൾ) മുഖേന നീ പരലോകഭവനം തേടണം! ദുൻയാവിലെ നിന്റെ നസ്വീബ് (പങ്ക്) മറക്കുകയും വേണ്ട! (28:77).

الدّار الآخرة (പരലോക ഭവനം) എന്ന പ്രയോഗം എട്ടു തവണ ആവർത്തിച്ചിട്ടുണ്ട് (2:94, 6:32, 7:169, 16:30, 28:77, 28:83, 29:64, 33:29). അന്ത്യദിനം എന്നർഥം വരുന്ന اليوم الآخر എന്ന പ്രയോഗം 28 തവണ ആവർത്തിച്ചതായി കാണുന്നു.

يَوْم/اَلْيَوْم എന്ന പദമാകട്ടെ 348 തവണയാണ് ഖുർആൻ ആവർത്തിച്ചിരിക്കുന്നത്. ദിവസം എന്നും പകൽ എന്നും അതിന് അർഥമുണ്ട്.

السَّاعَة (അസ്സാഅഃ) എന്നതാണ് മറ്റൊരു പദം. ساعة (സാഅഃ) എന്ന പദത്തിനോട് അൽ(ال) ചേർന്നുവരുമ്പോഴാണ് അന്ത്യനാൾ, അവസാന സമയം എന്നീ അർഥങ്ങളിൽ പരലോകത്തെ കുറിക്കാൻ ഈ പദം ഉപയോഗിക്കുന്നത്. (ال) ചേർക്കാതെ سَاعَة എന്ന് മാത്രം പറയുമ്പോൾ അതിനർഥം; സമയം, നാഴിക, ഇത്തിരി നേരം എന്നൊക്കെയാണ്. അറബി ഭാഷയിൽ സാധാരണയായി ساعة ഉപയോഗിക്കുന്നത് മണിക്കൂർ, സമയം, വാച്ച് എന്നീ അർഥങ്ങളിലാണ്. പരലോകത്തെ കുറിക്കുന്ന الساعة എന്ന പ്രയോഗം ഖുർആനിൽ 48 തവണ ആവർത്തിച്ചതായി കാണുന്നു.

يَوْمُ الْقِيَامَة (യൗമുൽ ഖിയാമഃ) = ഉയിർത്തെഴുന്നേൽപ്പു ദിനം. എഴുന്നേറ്റു, നിന്നു എന്നർഥം വരുന്ന قَامَ (ഖാമ) എന്ന പദത്തിൽനിന്ന് ഉദ്ഭവിച്ചതാണ് قِيَامَة.

يوم القيامة 70 തവണയാണ് ഖുർആനിൽ കാണുന്നത്. (آل عمران , الزمر എന്നീ സൂറകളിൽ ആറ് തവണ വീതം ഈ പദങ്ങൾ ആവർത്തിച്ചതായും കാണാം).

ഉദാ:- (3:185) وَإِنَّمَا تُوَفَّوْنَ أُجُورَكُمْ يَوْمَ ٱلْقِيَـٰمَةِ

"നിങ്ങളുടെ കർമഫലം പരിപൂർണമായി നൽകപ്പെടുന്നത് അന്ത്യനാളിൽ മാത്രമാണ്."

يوم الدّين (പ്രതിഫല ദിവസം) എന്നാണ് പരലോകത്തിന്റെ മറ്റൊരു പേര്. അല്ലാഹുവിനെ വിശേഷിപ്പിച്ചുകൊണ്ട് سُورَةُ الْفَاتِحَة യിൽവന്ന (1:4) مَـٰلِكِ يَوْمِ ٱلدِّينِ എന്ന ആയത്ത് നമുക്കറിയാം. പ്രതിഫല നാളിന്റെ ഉടമസ്ഥൻ എന്ന് സാരം. ഖുർആനിൽ മറ്റ് 12 ഇടങ്ങളിൽകൂടി يوم الدين എന്ന പ്രയോഗം കാണാം (15:35, 26:82, 37:20, 38:78, 51:12, 56:56, 70:26, 74:46, 82:15, 17, 18, 83:11).

അന്ത്യനാളിനെ കുറിക്കുന്ന മറ്റു പ്രയോഗങ്ങളിൽ ചിലത്:

يَوْمُ الْحِسَاب (2) വിചാരണ നാൾ (4 തവണ)*

اَلْقَارِعَة (3) ഭയങ്കര സംഭവം, വിപത്ത് (5 തവണ)

اَلْحَاقَّة (1) അനിവാര്യ സംഭവം (ഹഖായും സംഭവിക്കുന്നത്) (3 തവണ)

അല്ലാഹുവേ, പരലോകത്ത് വിജയിക്കുന്നവരിൽ ഞങ്ങളെയും ഉൾപ്പെടുത്തേണമേ, ആമീൻ. ■

* നാലിൽ മൂന്നും സ്വാദ് (ص) എന്ന സൂറഃയിലാണ് - 38:16, 26, 53 പിന്നെ غَافِر സൂറഃയിലും (40:27).